# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 490** **23-03-2018-ൽ മറുപടിക്ക്**

## പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല**<br>**ശ്രീ.പി.കെ.ബഷീർ**<br>**ശ്രീ.അബ്ദുൽ ഹമീദ്.പി**<br>**ശ്രീ.പി.ബി.അബ്ദുൾ റസ്സാക്ക്** | | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ ഉൾപ്പെടെ അത്യാവശ്യ തസ്തികയിലെ ജീവനക്കാരുടെ കുറവ് വന സംരക്ഷണത്തിനും വന്യജീവി പ്രതിരോധത്തിനും തടസ്സമാകുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട് |
| (ബി) | ഇത് മുന്നിൽ കണ്ട് സംസ്ഥാനത്ത് പത്ത് ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് സർക്കാർ നേരത്തെ ഭരണാനുമതി നൽകിയിരുന്നോ; | (ബി) & (സി) | വനസംരക്ഷണം, വന്യജീവി പ്രതിരോധ പ്രവർത്തനം തുടങ്ങിയവ കാര്യക്ഷമമാക്കുന്നതിനു വേണ്ടി പത്ത് ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പിന്നീട് ആവശ്യമായ തസ്തികകൾ അനുവദിക്കപ്പെടാത്തതിനെ തുടർന്ന് ഭരണപരമായ കാരണങ്ങളാൽ ഇത് റദ്ദ് ചെയ്തിട്ടുണ്ട്. |
| (സി) | പിന്നീടത് മരവിപ്പിക്കുകയുണ്ടായോ; എങ്കിൽ മരവിപ്പിക്കാനുണ്ടായ കാരണമെന്ത്; | | |
| (ഡി) | ഭരണാനുമതി മരവിപ്പിച്ച നടപടി പുനഃപരിശോധിക്കുമോ; അതുവഴി ഫോറസ്റ്റ് സ്റ്റേഷനുകളാരംഭിക്കാനുള്ള സാഹചര്യമൊരുക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ